**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4298** **28-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. യിൽ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിത നിയമനത്തിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലിയിലിരിക്കെ മരണപ്പെടുന്ന സ്ഥിരം തൊഴിലാളികളുടെ ആശ്രിതർ, ആശ്രിത നിയമനത്തിനായി നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യരായ അപേക്ഷകർക്ക് അവരുടെ യോഗ്യതയും അപേക്ഷിക്കുന്ന തസ്തികയിലെ ഒഴിവുകൾക്കും അനുസൃതമായി ആശ്രിത നിയമനം നൽകി വരുന്നു. |
| (ബി) | ടെക്നിക്കൽ വിഭാഗം ജീവനക്കാർ മരണമടയുമ്പോൾ ആശ്രിതർക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്ക് സമാശ്വാസ തൊഴിൽ നൽകിവരുന്നുണ്ടോ; അറിയിക്കാമോ; | (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മരണമടയുന്ന ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ആശ്രിതർക്ക് അപേക്ഷകന്റെ യോഗ്യതയ്ക്കനുസരിച്ച് മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്കും സമാശ്വാസ തൊഴിൽ നൽകിവരുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണവും തീർപ്പാക്കാത്തതിന്റെ കാരണവും തരംതിരിച്ച് ലഭ്യമാക്കാമോ? | (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആശ്രിത നിയമനത്തിനായി തീർപ്പാക്കാനുള്ള അപേക്ഷകരുടെ എണ്ണം - 155 ; ആയതിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണവും തീർപ്പാക്കാത്തതിന്റെ കാരണവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| 1 | സൂക്ഷ്മ പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കുവാനായി അപേക്ഷകർക്ക് അറിയിപ്പ് നൽകിയത് | 77 |
| 2 | സൂക്ഷ്മ പരിശോധന നടത്തി അപേക്ഷകരെ പ്രമാണ പരിശോധനയ്ക്കായി അറിയിപ്പ് നൽകാനുള്ളത് | 40 |
| 3 | സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയാക്കിയതിൽ ഒഴിവുകളുടെ അഭാവത്തിൽ നിയമനം നൽകാനുള്ളത് | 38 |
| | **ആകെ** | 155 |

**സെക്ഷൻ ഓഫീസർ**